**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6006** **25-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖം രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | ആർബിട്രേഷൻ നടപടികൾ ഒത്തുതീർപ്പായതിന്റെ അടിസ്ഥാനത്തിൽ തുറമുഖത്തിന്റെ തുടർ ഘട്ടങ്ങൾ ഡിസംബർ 31, 2028 ന് മുമ്പ് പൂർത്തീകരിക്കാൻ ധാരണയായിട്ടുണ്ട്. തുടർ ഘട്ടങ്ങളുടെ നിർമാണം ആരംഭിക്കുന്നതിനായുള്ള കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി മാർച്ച് 10, 2025 ന് ലഭിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി കരിങ്കല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്. തുടർ ഘട്ടത്തിലെ പുലിമുട്ടിന്റെ Detailed Engineering റിപ്പോർട്ടുകൾ കൺസെഷണയർ സമർപ്പിച്ചിട്ടുണ്ട്. ഇത് പദ്ധതിയുടെ ഇൻഡിപെൻഡന്റ് എഞ്ചിനീയർ പരിശോധിച്ച് വരുകയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതായിരിക്കും. |
| (ബി) | രണ്ടും മൂന്നും ഘട്ട പ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപയാണ് നീക്കി വെച്ചതെന്ന് വിശദമാക്കുമോ; | (ബി) | തുടർ ഘട്ടങ്ങളുടെ വികസനത്തിനായി 9,540 കോടി രൂപ ചെലവാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) | രണ്ടും മൂന്നും ഘട്ട പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | തുറമുഖത്തിന്റെ തുടർ ഘട്ടങ്ങൾ 2028 ഡിസംബർ 31 ന് മുമ്പ് പൂർത്തീകരിക്കാനാണ് ധാരണയായിട്ടുള്ളത്. |
| (ഡി) | രണ്ടും മൂന്നും ഘട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നത് ഏതു കമ്പനിയാണെന്ന് വിശദമാക്കുമോ? | (ഡി) | കൺസെഷൻ കരാർ പ്രകാരം തുടർ ഘട്ടങ്ങളുടെ നിർമാണത്തിന്റെ ഉത്തരവാദിത്വം കൺസെഷണ യർക്ക് ((AVPPL) തന്നെയാണ്. |

സെക്ഷൻ ഓഫീസർ